## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1320 12.06.2014 ൽ മറുപടിക്ക്

## കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് പ്രവൃത്തി ചെയ്ത വകയിൽ കുടിശ്ശിക ഉണ്ടായിരുന്നോ എന്നും ഉണ്ടെങ്കിൽ എത്ര മാസം വരെയാണ് കുടിശ്ശിക ഉണ്ടായിരുന്നതെന്നും വെളിപ്പെടുത്താമോ; | (എ) പൊതുമരാമത്ത് വകുപ്പ് ദേശീയ പാതാ വിഭാഗത്തിൽ കരാറുകാർക്ക് പ്രവൃത്തി ചെയ്ത വകയിൽ കുടിശ്ശിക ഉണ്ടായിരുന്നില്ല. നിരത്ത്, കെട്ടിട വിഭാഗത്തിൽ 2011 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ കുടിശ്ശിക നിലവിലുണ്ടായിരുന്നു. |
| (ബി) പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് പ്രവൃത്തി ചെയ്ത വകയിൽ ഇപ്പോൾ കുടിശ്ശികയുണ്ടോയെന്നും ഏതുമാസം വരെയുള്ള തുക പൂർണ്ണമായി നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്. നിരത്ത് വിഭാഗത്തിലും, കെട്ടിട വിഭാഗത്തിലും 01.08.2013 മുതലുള്ള കുടിശ്ശികയും, ദേശീയപാതാ വിഭാഗത്തിൽ 2014 മാർച്ച് മുതലുള്ള കുടിശ്ശികയും, കൊടുത്ത് തീർക്കാനുണ്ട്. |
| (സി) കരാറുകാർക്ക് പണം കൊടുക്കുന്നതിൽ കുടിശ്ശിക വരുത്തുന്നതുമൂലം ജോലികൾ ഏറ്റെടുക്കാൻ കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്ന യാഥാർത്ഥ്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ? | (സി) സാദ്ധ്യതയുണ്ട്. |

സെക്ഷൻ ഓഫീസർ